**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 348** **23-08-2022 - ൽ മറുപടിയ്ക്ക്**

**തെരുവ് നായ്ക്കളുടെ ആക്രമണത്തിനിരയായവർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ എ കെ എം അഷ്റഫ്,<br>ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ ആക്രമണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് തെരുവ് നായകളുടെ ആക്രമണത്തിന് ഇരയായവർക്ക് ബഹു. സിരിജഗൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. |
| (ബി) | ഈ തുക നൽകാൻ ബാധ്യതയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | നിലവിൽ പരിഗണനയിൽ ഇല്ല. |
| (സി) | തെരുവ് നായ്ക്കളുടെ ശല്യം അവസാനിപ്പിക്കുന്നതിന് പ്രായോഗികമായ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ തെരുവ് നായകളുടെ ശല്യം നിയന്ത്രിക്കുന്നതിന് അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം കാര്യക്ഷമമായി നടന്നു വന്നിരുന്നു. എന്നാൽ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീയുടെ അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയിലെ രജിസ്ട്രേഷൻ നേടുന്നത് സംബന്ധിച്ചും, ഈ മേഖലയിലെ തൊഴിൽ വൈദഗ്ധ്യം സംബന്ധിച്ചും മാനദണ്ഡങ്ങൾ പരിശോധിച്ച ബഹു.കേരള ഹൈക്കോടതി ടി വിഷയങ്ങളിൽ ആവശ്യമായ അന്വേഷണം നടത്തുന്നതിനും ആയതിൽ വ്യക്തത വരുന്നത് വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എ ബിസി പ്രോഗ്രാമിനു വേണ്ടി നിർവ്വഹണ ഏജൻസിയായ കുടുംബശ്രീക്ക് തുക കൈമാറുന്നത് തൽകാലം നിർത്തിവക്കുന്നതിനും നിർദ്ദേശിച്ച് WP(C)13204/2021 പെറ്റീഷനിൽ 19/07/2021 തീയതിയിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികളിലേക്ക് കടന്നിരിക്കുന്ന സാഹചര്യത്തിൽ |

എബിസി പ്രോഗ്രാമിന് തുക കൈമാറുന്നതിലുള്ളഅനിശ്ചിതാവസ്ഥ പരിഹരിക്കുന്നതിന് ഒരു സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്.

കോഴിക്കോട് ജില്ലയിൽ തെരുവ്നായ പ്രജനന നിയന്ത്രണത്തിനുള്ള പദ്ധതി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ സാമ്പത്തിക സഹായം ഉൾപ്പെടുത്തി 2015-16 മുതൽ മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്ത് നടപ്പാക്കി വരുകയും പന്തലായനി, പേരാമ്പ്ര,ബാലുശ്ശേരി, പുതുപ്പാടി, വടകര തുടങ്ങിയ സ്ഥലങ്ങളിൽ സെന്ററുകൾ ആരംഭിക്കുകയും ആയത് പ്രകാരം 9000-ത്തിലധികം നായ്ക്കളെ ശസ്ത്രക്രിയക്ക് വിധേയമാക്കുകയും ചെയ്തു. എന്നാൽ ജനകീയ എതിർപ്പും മറ്റ് സാങ്കേതിക പ്രശ്നങ്ങളും മൂലം തുടർ പ്രവർത്തനം നിർത്തിവെക്കേണ്ടിവന്നു. മുൻ വർഷങ്ങളിൽ പദ്ധതി നടത്തിപ്പിൽ ഉണ്ടായ അപാകത പരിഹരിച്ചും, കൂടുതൽ ശാസ്ത്രീയവും ആധുനികവുമായ ഒരു എ .ബി.സി സെന്റർ പനങ്ങാട് ഗ്രാമപഞ്ചായത്ത് പരിധിയിലെ വട്ടോളി ബസാറിൽ നിർമ്മാണം പൂർത്തിയായി വരുന്നു. സെന്റർ സ്ഥാപിക്കപ്പെടുന്നതോടുകൂടി ജില്ലയിൽ എ.ബി.സി പ്രോഗ്രാം കാര്യക്ഷമമായി നടപ്പാക്കാൻ കഴിയുന്നതാണ്.

കാസർകോട് ജില്ലയിൽ എ.ബി.സി പ്രോഗ്രാം നടപ്പാക്കുന്നത് ജില്ലാപഞ്ചായത്തിന്റെ ബഹു വർഷ പദ്ധതിയായ മിഷൻ എ.ബി.സി കാസറഗോഡ് എന്ന പദ്ധതി പ്രകാരമാണ്. 2015-16 സാമ്പത്തിക വർഷം ആരംഭിച്ച പ്രസ്തുത പദ്ധതിയിലേക്ക് ഗ്രാമപഞ്ചായത്തുകൾ വാർഷിക വിഹിതം നൽകി വരുന്നുണ്ട്. ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ (AH) ആണ് പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ കാസറഗോഡ്,തൃക്കരിപ്പൂർ എന്നിവിടങ്ങളിലുള്ള 2 എ.ബി.സി. കേന്ദ്രങ്ങളിൽ വെച്ചാണ് നിലവിൽ തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നത്. അനിമൽ വെൽഫെയർ ബോർഡിന്റെ നിലവിലെ നിയമപ്രകാരം ആവശ്യമായ മെയിന്റനൻസ് ജോലികൾ പ്രസ്തുത കേന്ദ്രങ്ങളിൽ നടന്നു വരുന്നുണ്ട്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കാൻ കഴിയുന്നതാണ്.

തെരുവുനായകൾക്കായി മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ അഡോപ്ഷൻ ക്യാമ്പുകളുടെ

| | | | |
|---|---|---|---|
| | | | രൂപീകരണവുമായി ബന്ധപ്പെട്ട വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ